## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

31/01/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1634

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർഹരായ എല്ലാവർക്കും പാർപ്പിടം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള പട്ടിക തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ലൈഫ് മിഷന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമസഭകൾ അംഗീകരിച്ച പട്ടിക ലൈഫ് മിഷൻ വെബ്സൈറ്റിൽ രേഖപ്പെടുത്തി അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്; ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | ഭൂമിയുള്ള ഭവന രഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താത്കാലിക ഭവനം ഉള്ളവർ, ഭൂരഹിത-ഭവന രഹിതർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) | നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പുവരുത്ത | (സി) | കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സിമന്റ് നിർമ്മാണ കമ്പനികളുടെ |

| | | | |
|---|---|---|---|
| | ന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | പ്രതിനിധികളുടെ യോഗം വിളിച്ചു. തദ്ദേശീയമായ സാധനങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾ ഒരുമിച്ച് വാങ്ങുന്നതിന് ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും സംവിധാനം ഒരുക്കാൻ നിർദ്ദേശം നൽകി. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രീ-ഫാബ്രിക്കേഷൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ചർച്ചകൾ നടന്നുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്ര വീതമാണ്;വ്യക്തമാക്കാമോ; | (ഡി) | ലൈഫ് മിഷന് നിലവിൽ കേന്ദ്രസഹായം ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പി.എം.എ.വൈ ഗ്രാമീൺ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീടൊന്നിന് 1,20,000 രൂപയാണ് നൽകുന്നത്. ലൈഫ് പദ്ധതിയുടെ നിരക്കായ 4,00,000 രൂപ നൽകുന്നതിനായി ടി ഗുണഭോക്താ ക്കളെ ലൈഫ് പദ്ധതിയുടെ ഭാഗമാക്കി 2,80,000 രൂപ അധികം അനുവദിക്കും. നഗരങ്ങളിലെ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ യിൽ കേന്ദ്ര സർക്കാരിൽ നിന്ന് 1,50,000 രൂപയാണ് ലഭിക്കുന്നത്. ബാക്കി വരുന്ന 2,50,000 രൂപ ലൈഫ് പദ്ധതിയിൽ നൽകുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു മുൻപ് നിലവിലുണ്ടായിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; ആയതിൻപ്രകാരം 2011-16 കാലഘട്ടത്തിൽ എത്ര ഭവനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആയത് വർഷം,ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (ഇ) | ഇം.എം.എസ് ഭവന പദ്ധതി, ആശ്രയ ഭവന പദ്ധതി, പഞ്ചായത്തുകളുടെ ഭവന പദ്ധതികൾ, ജവഹർ ഭവന പദ്ധതി, ഐ.എ.വൈ ഭവന പദ്ധതി , പി.എം.എ.വൈ ഭവന പദ്ധതി, മിത്രം ഭവന പദ്ധതി, ജൂബിലി ഭവന പദ്ധതി, സുകൃതം ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, തണൽ ഭവന പദ്ധതി, വസന്തി ഭവന പദ്ധതി , അനുഗ്രഹ ഭവന പദ്ധതി, കാരുണ്യ ഭവന പദ്ധതി, എം.എൻ ലക്ഷം വീട് നവീകരണ പദ്ധതി. പ്രസ്തുത പദ്ധതികൾ പ്രകാരം 2011-16 കാലഘട്ടത്തിൽ ആകെ 1,87,667 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് വർഷം, ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വർഷം,ജില്ല ഇവ തിരിച്ച് വ്യക്തമാക്കുമോ? | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 18,582 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വർഷം-ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| ജില്ല | 2016-17 | 2017-18 |
|---|---|---|
| തിരുവനന്തപുരം | 3661 | 2940 |
| കൊല്ലം | 978 | 195 |
| പത്തനംതിട്ട | 386 | 111 |
| ആലപ്പുഴ | 370 | 33 |
| കോട്ടയം | 795 | 259 |
| ഇടുക്കി | 1568 | 404 |
| എറണാകുളം | 229 | 54 |
| തൃശ്ശൂർ | 1054 | 196 |
| പാലക്കാട് | 977 | 114 |
| മലപ്പുറം | 880 | 79 |
| കോഴിക്കോട് | 943 | 108 |
| വയനാട് | 494 | 193 |
| കണ്ണൂർ | 963 | 213 |
| കാസർകോട് | 268 | 117 |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 1

## ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. ഭവനരഹിതരായ കുടുംബം
2. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി കണക്കാക്കി ഒരു ഭവനത്തിന് മാത്രമായി പരിഗണിച്ചു.
3. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കി.
4. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കി.
5. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കി. (പട്ടികവർഗ്ഗത്തിന് ബാധകമല്ല)
6. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കി.
7. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരവായവരെ ഒഴിവാക്കി.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 2

## പൂർത്തീകരിച്ച വീടുകളുടെ വർഷം തിരിച്ചുള്ള കണക്ക് (2011 മുതൽ 2016 വരെ)

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| തിരുവനന്തപുരം | 6726 | 8504 | 3121 | 2925 | 2657 |
| കൊല്ലം | 2196 | 983 | 1162 | 1128 | 715 |
| പത്തനംതിട്ട | 2917 | 2089 | 1477 | 1564 | 1645 |
| ആലപ്പുഴ | 3889 | 1685 | 1044 | 614 | 366 |
| കോട്ടയം | 4964 | 2714 | 2516 | 2671 | 2916 |
| ഇടുക്കി | 5547 | 1326 | 813 | 617 | 1935 |
| എറണാകുളം | 2318 | 1095 | 1370 | 1405 | 1592 |
| തൃശ്ശൂർ | 1810 | 1783 | 1472 | 1803 | 1842 |
| പാലക്കാട് | 6756 | 4716 | 3959 | 5327 | 4961 |
| മലപ്പുറം | 3967 | 4595 | 3910 | 4634 | 4062 |
| കോഴിക്കോട് | 5778 | 3326 | 3078 | 3211 | 2958 |
| വയനാട് | 3265 | 1644 | 1491 | 1420 | 1592 |
| കണ്ണൂർ | 3176 | 2524 | 3087 | 3044 | 3025 |
| കാസർകോട് | 1814 | 1233 | 1554 | 1930 | 1714 |

സെക്ഷൻ ഓഫീസർ